## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 533

01.12.2015-ലെ മറുപടിയ്ക്ക്

### ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന് കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിനു കീഴിൽ 231 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ സ്റ്റോറുകളുടെ മേഖലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ത്രിവേണി, സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക മാന്ദ്യം മൂലം നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിന് ബുദ്ധിമുട്ട് നേരിട്ടതിനാൽ ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യമതക്കുറവ് അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിലും പരമാവധി നിത്യോപയോഗ സാധനങ്ങൾ സ്റ്റോറുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | കൺസ്യൂമർഫെഡിന്റെ വിവിധ ഡിവിഷനുകളിലെ വിൽപ്പന മാർജിൻ ഉപയോഗിച്ച് ത്രിവേണി സ്റ്റോറുകളിൽ പരമാവധി സ്റ്റോക്ക് എത്തിക്കുന്നതിനും സർക്കാർ, |

ജില്ലാ സഹകരണ ബാങ്കുകൾ
എന്നിവയിൽ നിന്നും വായ്പകൾ
ലഭ്യമാക്കി ത്രിവേണി
സ്റ്റോറുകളിൽ ആവശ്യമായ
സാധനങ്ങൾ സംഭരിക്കുന്നതിനും
നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്